I/178601/2024

**നം. DDDKER/2015/2024-D3**

**ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്**
**പട്ടം, തിരുവനന്തപുരം-695 004**
**ഫോൺ : 0471-2445749, 2445799**
**e-mail : dir.dairy@kerala.gov.in**
**cru.ddd@kerala.gov.in**
**തീയതി : 06.06.2024**

# സർക്കുലർ

വിഷയം :- ക്ഷീര വികസന വകുപ്പ് - വാർഷിക പദ്ധതി 2024-25 തീറ്റപ്പുൽകൃഷി വികസന പദ്ധതി - ഡെയറി പ്രൊമോട്ടർമാരെ നിയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന : - 1) ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2024-25
2) ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 03/05/2024 ലെ DDDKER/1372/2024-D3 നടപടിക്രമം.
3) അംഗീകരിച്ച വിശദമായ പദ്ധതി രേഖ (തീറ്റപ്പുൽകൃഷി വികസനം 2024-25)

തീറ്റപ്പുൽകൃഷി ഫലപ്രദമായി നടപ്പിലാക്കുന്നതിന് യൂണിറ്റിലെ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി ഡെയറി പ്രൊമോട്ടർമാരെ സംസ്ഥാനത്തെ 162 ക്ഷീരവികസന യൂണിറ്റുകളിലും നിയോഗിക്കുന്നതിനുള്ള നടപടികൾ താഴെ കാണിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്. കൂടാതെ, തീറ്റപ്പുൽകൃഷി വികസന പദ്ധതിയുടെ പ്രാഥമികഘട്ടം മുതൽ അന്തിമഘട്ടം വരെയുള്ള എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിലും ഡെയറി പ്രൊമോട്ടർമാരുടെ സേവനം ഉറപ്പാക്കേണ്ടതുമാണ്.

1. പ്രസ്തുത അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പ്രചാരണം ജില്ലാതലത്തിൽ നടത്തേണ്ടതും ആയതിന്റെ നോട്ടീസ് ബന്ധപ്പെട്ട ക്ഷീരവികസനയൂണിറ്റ് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ക്ഷീരസംഘങ്ങൾ, വകുപ്പിന്റെ വെബ്സൈറ്റ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുകയും അപേക്ഷകൾ യൂണിറ്റ് ഓഫീസുകളിൽ സ്വീകരിക്കുകയും വേണം. വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി, അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി, അഭിമുഖം നടത്തുന്ന സ്ഥലം, തീയതി, അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി എന്നിവ ജില്ലാ ഓഫീസർ പരസ്യപ്പെടുത്തേണ്ടതാണ്.
2. നിശ്ചിത അപേക്ഷകൾ അനുബന്ധരേഖകളോടൊപ്പം **14.06.2024 (3 pm)** വരെ ക്ഷീരവികസനയൂണിറ്റ് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്.
3. അപേക്ഷഫോറത്തിൽ അപേക്ഷകന്റെ പാസ്സ്പോർട്ട് സൈസ് ഫോട്ടോ പതിക്കേണ്ടതാണ്.
4. പ്രായപരിധി 18-45 വയസ്സ് ആയിരിക്കും. (as on 01.01.2024)
5. വിദ്യാഭ്യാസയോഗ്യത ചുരുങ്ങിയത് SSLC ആയിരിക്കണം.

I/178601/2024

6. ഡെയറി പ്രൊമോട്ടർമാരായി മുമ്പ് സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് ആ സേവന കാലയളവ് പ്രായപരിധിയിൽ ഇളവ് അനുവദിക്കേണ്ടതും പ്രവർത്തിപരിചയമുള്ളവർക്ക് മുൻഗണന നൽകാവുന്നതുമാണ്.
7. ഡെയറി പ്രൊമോട്ടർമാരായി നിയോഗിക്കുന്ന തീയതി മുതൽ 2024-25 സാമ്പത്തിക വർഷത്തിൽ പരമാവധി 10 മാസ കാലയളവിലേയ്ക്ക് പ്രതിമാസം 8000/-രൂപ ഇൻസെന്റീവായി നൽകുന്നതായിരിക്കും.
8. കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം
9. ക്ഷീരവികസന യൂണിറ്റ് പരിധിയിൽ താമസിക്കുന്നവർക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളൂ.
10. ക്ഷീര വികസന യൂണിറ്റ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ ക്ഷീരവികസന ഓഫീസറുടെ ശുപാർശ സഹിതം **15.06.2024 (3 pm)** നകം ജില്ല ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
11. അഭിമുഖത്തിന് യോഗ്യരായവരുടെ പട്ടിക ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ **15.06.2024 വൈകിട്ട് 5 മണിയ്ക്ക് മുമ്പ്** തയ്യാറാക്കുകയും അഭിമുഖം സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ടവരുടെ ഇ-മെയിൽ, മൊബൈൽ ഫോണിൽ അയച്ചു കൊടുക്കുകയും വെബ്സൈറ്റിലും ഓഫീസ് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്.
12. ജില്ല ഡെപ്യൂട്ടി ഡയറക്ടർ, ടെക്നിക്കൽ അസിസ്റ്റന്റ്, ബന്ധപ്പെട്ട ബ്ലോക്കിലെ ക്ഷീരവികസന ഓഫീസർ എന്നിവരടങ്ങിയ സെലക്ഷൻ കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ **19.06.2024-ന് മുമ്പായി** നടത്തേണ്ടതും റാങ്ക് ലിസ്റ്റ് ജില്ലാ ആസ്ഥാനങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതും തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക ഡയറക്ടർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.
13. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 2 ദിവസത്തെ പരിശീലനം ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാളുമായി ബന്ധപ്പെട്ട് പരിശീലന കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡയറക്ടർ**

Signed by
Asif K Yusuf I A S
Date: 07-06-2024 12:05:41

**എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും**

**പകർപ്പ് :** 1) ജോയിൻറ് ഡയറക്ടർ (ജനറൽ / പ്ലാനിംഗ് / SDL)
2) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ / പ്ലാനിംഗ് / എക്സ്റ്റൻഷൻ / ഇ-ഗവ: & ഐ.റ്റി)
3) എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും (പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന്)
4) എല്ലാ അസി. ഡയറക്ടർമാർക്കും (ഉചിത മാർഗേനെ)
5) എല്ലാ ഓഫീസ് മേധാവികൾക്കും - RDL & SFF (ഉചിത മാർഗ്ഗേന)
6) എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും (ഉചിത മാർഗ്ഗേന)
7) പ്രോജക്ട് സെൽ / ടെക്കനിക്കൽ സെൽ / ഐ.റ്റി സെൽ
8) ശേഖര സഞ്ചയം
9) സഞ്ചയം

# ക്ഷീരവികസന വകുപ്പ് : 2024-25
# ഡെയറി പ്രൊമോട്ടർ - അപേക്ഷ ഫോറം

**അപേക്ഷകന്റെ ഫോട്ടോ**

1. പേര് :
2. ജനന തീയതിയും വയസ്സും :
3. ഫോൺ നമ്പർ(മൊബൈൽ നം.) :
4. അച്ഛന്റെ പേര്/ഭർത്താവിന്റെ പേര് :
5. മേൽ വിലാസം :
6. ഇ-മെയിൽ ഐ.ഡി :
7. വിദ്യാഭ്യാസ യോഗ്യത :
8. ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ :
9. വളർത്തുന്ന പശുക്കളുടെ എണ്ണം :
10. പുൽകൃഷി നടത്തുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം :
11. മുമ്പ് ഫോഡർ പ്രൊമോട്ടർ/ഡെയറി പ്രൊമോട്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ടോ? :
12. ഉണ്ടെങ്കിൽ എത്ര വർഷം/മാസം? :

.............................................................. ക്ഷീരവികസന യൂണിറ്റിൽ 2024-25 വർഷത്തിൽ ഡെയറി പ്രൊമോട്ടർ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് എന്നെ നിയോഗിക്കുന്ന പക്ഷം വികസന വകുപ്പിന്റെ നിബന്ധനകളനുസരിച്ച് പ്രവർത്തിക്കാൻ ഞാൻ തയ്യാറാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര് :

***(വയസ്സ് , വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്)***